**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 239** | **12-07-2022 - ൽ മറുപടിയ്ക്ക്**

**മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കാൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ . പി . ഉബൈദുള്ള ,<br>ശ്രീ . ടി. വി. ഇബ്രാഹിം ,<br>ശ്രീ. അബ്ദുൽ ഹമീദ് പി | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മനുഷ്യ-വന്യജീവി സംഘർഷം പ്രതിരോധിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ ഫലപ്രദമാകുന്നില്ല എന്ന ആക്ഷേപം വിലയിരുത്തിയിട്ടുണ്ടോ; | (എ) | വന്യജീവികൾ നാട്ടിലേയ്ക്കിറങ്ങുന്നത് പ്രതിരോധിക്കുന്നതിന് സൗരോർജ്ജവേലികൾ, കിടങ്ങുകൾ എന്നിവയാണ് പ്രധാനമായും മുൻ വർഷങ്ങളിൽ നിർമ്മിച്ചുവന്നിരുന്നത്. എന്നാൽ ആന ഉൾപ്പെടെയുള്ള വന്യജീവികൾ സൗരോർജ്ജവേലികൾ പല സ്ഥലങ്ങളിലും നശിപ്പിക്കുന്നതിനാലും, മരങ്ങൾ മിറഞ്ഞ് വീഴുകയും മറ്റും മൂലമുണ്ടാകുന്ന സാഹചര്യത്തിലും ചില സ്ഥലങ്ങളിൽ ആയത് ഫലപ്രദമല്ലാതെയായി മാറിയിട്ടുണ്ടായിരുന്നു. അത്തരം സ്ഥലങ്ങളിൽ സൗരോർജ്ജ വേലികളുടെ പരിപാലനം കൃത്യമായി നടത്തുന്നതിനും പുതുതായി സൗരോർജ്ജ തൂക്കുവേലികൾ നിർമ്മിക്കുന്നതിനും ഉള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വന്യമൃഗശല്യം രൂക്ഷമായ ചില സ്ഥലങ്ങളിൽ ആന പ്രതിരോധ മതിലുകൾ, ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗ്, എന്നീ പ്രതിരോധ മാർഗ്ഗങ്ങളും അവലംബിച്ചിട്ടുള്ളതാണ്. ആർ.ആർ.റ്റി.കളുടെ സേവനം ഉപയോഗിച്ചും പ്രതിരോധ മാർഗ്ഗങ്ങൾ നിർമ്മിച്ചും വന്യജീവി സംഘർഷം ഒഴിവാക്കുന്നതിനുള്ള സാദ്ധ്യമായ ഫലപ്രദമായ മാർഗ്ഗങ്ങളെല്ലാം നിലവിൽ സ്വീകരിച്ച് വരുന്നുണ്ട്.<br><br>കാട്ടുപന്നിയുടെ ആക്രമണം മൂലമുള്ള നാശനഷ്ടങ്ങൾ തടയുന്നതിനായി പ്രശ്നകാരികളായ പന്നികളെ കൊല്ലുന്നതുമായി ബന്ധപ്പെട്ട് 2011 മുതൽ വിവിധ സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവുകൾ നടപ്പിലാക്കാൻ സാദ്ധ്യമായ പ്രവർത്തനങ്ങൾ നടത്തിയിട്ടും ആയത് പൂർണ്ണമായും ഫലപ്രദമാകാത്ത സാഹചര്യത്തിൽ കാട്ടുപന്നിയെ ക്ഷുദ്രജീവിയായി |

| | | | |
|---|---|---|---|
| | | | പ്രഖ്യാപിക്കുന്നതിന് വേണ്ടി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനെ സമീപിച്ചിരുന്നതും, കാട്ടുപന്നികളെ നിയമാനുസൃതം കൊല്ലുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരം നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. |
| (ബി) | മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി 620 കോടി രൂപയുടെ 5 വർഷത്തേക്കുള്ള പദ്ധതി സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടികൾ വെളിപ്പെടുത്താമോ; | (ബി) | മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി 620 കോടി രൂപയുടെ 5 വർഷത്തേയ്ക്കുള്ള പദ്ധതി പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. പദ്ധതിയെകുറിച്ച് ചർച്ച ചെയ്യുന്നതിന് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 10.01.2022-ൽ യോഗം ചേർന്നിട്ടുള്ളതും തുടർ നടപടികൾ സ്വീകരിച്ച് വരുന്നതുമാണ്. |
| (സി) | പ്രസ്തുത പദ്ധതിയിലെ പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (സി) | പ്രസ്തുത പദ്ധതിയിലെ പ്രധാന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. വന്യജീവികൾ മനുഷ്യരുടെ വാസ സ്ഥലങ്ങളിലേയ്ക്കും കൃഷിയിടങ്ങളിലേയ്ക്കും പ്രവേശിക്കുന്നത് തടയുന്നതിനായി പ്രതിരോധ സംവിധാനങ്ങൾ നിർമ്മിക്കുക.<br><br>2. മനുഷ്യനും-വന്യജീവികളും തമ്മിലുള്ള സംഘർഷം ഒഴിവാക്കുന്നതിന് മുൻകൂർ മുന്നറിയിപ്പ് സംവിധാനം അടക്കമുള്ള നൂതന മാർഗ്ഗങ്ങൾ നടപ്പിലാക്കുക.<br><br>3. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി ഫലപ്രദമായ അടിസ്ഥാന സൗകര്യങ്ങളും, മാനവ-വിഭവശേഷിയും വികസിപ്പിക്കുക.<br><br>4. വന്യജീവി മൂലമുള്ള നാശനഷ്ടത്തിന് നഷ്ടപരിഹാരം, വിള ഇൻഷുറൻസ്, ലൈഫ് ഇൻഷുറൻസ്, എക്സ്-ഗ്രേഷ്യ എന്നിവ നടപ്പിൽ വരുത്തുക.<br><br>5. ലൈൻ ഡിപ്പാർട്ട്മെൻറുകളുടെ സേവനം ഉപയോഗപ്പെടുത്തുക.<br><br>6. ജനപങ്കാളിത്തത്തോടെയുള്ള നടപടികൾ ശക്തിപ്പെടുത്തുക.<br><br>7. പുൽമേടുകളും ജലസ്രോതസുകളും ഉൾപ്പെടെയുള്ള ആവാസ വ്യവസ്ഥ മെച്ചപ്പെടുത്തി വനത്തിനുള്ളിൽ ഭക്ഷണവും വെള്ളവും ലഭ്യമാക്കുക. |

| | | | |
|---|---|---|---|
| | | | 8. സംഘർഷം കുറയ്ക്കുന്നതിന് ഉതകുന്ന അവബോധം സൃഷ്ടിക്കുന്നതിന് പരിശീലനങ്ങളും ഗവേഷണങ്ങളും നടത്തുക. |

സെക്ഷൻ ഓഫീസർ